# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2830      21.06.2012 - ൽ മറുപടിയ്ക്ക്

## പേരാമ്പ്ര മിനി സിവിൽസ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പേരാമ്പ്ര മിനിസിവിൽസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; | (എ) പേരാമ്പ്ര മിനിസിവിൽസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (ബി) ഇല്ല. ഈ പ്രവർത്തി ടെണ്ടർ ചെയ്ത് ജി.ഒ (ആർ.ടി) നം. 247/2011/പി.ഡബ്ള്യൂ.ഡി തീയതി 10.02.2011 എന്ന ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 25 ശതമാനം വർദ്ധിപ്പിച്ച നിരക്കിൽ ടെണ്ടറിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ അംഗീകരിച്ച നിരക്കിൽ കരാറെടുക്കുന്നതിൽ നിന്നും കരാറുകാരൻ പിൻമാറിയതുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കുകയും 25.01.2012ന് പുതുക്കിയ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 27.04.2012 ന് പ്രവർത്തി വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഇതേ സമയത്ത് അനുവദിച്ച മറ്റ് മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തികൾ എല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇതേ സമയത്ത് അനുവദിച്ച മറ്റ് മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തികൾ എല്ലാം പൂർത്തിയായിട്ടില്ല. എന്നാൽ കൊടുവള്ളി, കുറ്റിപ്പുറം, കുന്ദംകുളം, കുന്നുകര എന്നീ മിനി സിവിൽ സ്റ്റേഷനുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് മിനി സിവിൽ സ്റ്റേഷനുകളുടെ പണികൾ നടന്നു വരുന്നു. |
| (ഡി) | പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം കാലതാമസം ഒഴിവാക്കി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ടെണ്ടർ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ